**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 3** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സൗജന്യ പൊതുജനാരോഗ്യ ഇൻഷുറൻസ് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പ്രഭാകരൻ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. പി. പി. സുമോദ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ഓരോ കുടുംബത്തിനും പ്രതിവർഷം 25 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

**<u>മറുപടി:</u> ഉണ്ട്. അപ്രതീക്ഷിതമായ ചികിത്സാ ചെലവുകൾ പല കുടുംബങ്ങളിലും വൻ സാമ്പത്തിക ബാധ്യതയാണ് സൃഷ്ടിക്കുന്നത്. ഇത്തരം ബാധ്യത ലഘൂകരിക്കുന്നതിനും കുടുംബങ്ങൾക്ക് കൈത്താങ്ങാകുന്നതിനുമായി എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെയുള്ള സൗജന്യ "ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി" നടപ്പിലാക്കുന്നതാണ്. ആയതിനായി 22.05.2026 ലെ സ.ഉ(കൈ) നം. 3/2026/PIEMD എന്ന ഉത്തരവിലെ വിഷൻ 2031 ൽ ഉൾപ്പെടുത്തി പ്രസ്തുത വിഷയം പരിശോധിച്ച് ആയത് നടപ്പിലാക്കുന്നതിനായി ആരോഗ്യ വകുപ്പിനെയും ധനകാര്യ വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭചെലവുകൾക്കായി 2026-27-ലെ പുതുക്കിയ ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.**

**(ബി)** ഇതിനായി പ്രതിവർഷം ഇൻഷുറൻസ് കമ്പനികൾക്ക് പ്രീമിയം ഇനത്തിൽ നൽകേണ്ടി വരുന്ന തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പരിശോധിച്ചു വരുന്നു.

**(സി)** ഇൻഷുറൻസ് കമ്പനികളെയും സ്വകാര്യ ആശുപത്രികളെയും കൂടുതലായി ആശ്രയിക്കുന്ന ഈ പുതിയ ഇൻഷുറൻസ് നയം സർക്കാർ മേഖലയിൽ വികസിച്ചു വരുന്ന പൊതുജനാരോഗ്യ സംവിധാനങ്ങളെയും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളെയും തകർക്കാൻ ഇടയാക്കുമെന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഓരോ കുടുംബത്തിനും പ്രതിവർഷം 25 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതി പൊതുജനാരോഗ്യ സംവിധാനങ്ങളെയും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളെയും തകർക്കാൻ ഇടയാക്കുമെന്ന ആശങ്കക്ക് അടിസ്ഥാനമില്ല

**(ഡി)** സ്വകാര്യ ഇൻഷ്വറൻസ് മേഖലയ്ക്ക് പ്രാധാന്യം നൽകുമ്പോൾ നിലവിലുള്ള സർക്കാർ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മരുന്നു ലഭ്യത ഉറപ്പാക്കാനുമുള്ള ഫണ്ട് വിഹിതം സംബന്ധിച്ച് നയപ്രഖ്യാപനത്തിൽ വ്യക്തമാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് സാധാരണ ജനങ്ങളുടെ ചികിത്സാ ചെലവുകൾ ലഘൂകരിക്കുന്നതിനും മെച്ചപ്പെട്ട ആരോഗ്യ പരിപാലനം ഉറപ്പാക്കുന്നതിനുമാണ്. സർക്കാർ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മരുന്നു ലഭ്യത ഉറപ്പാക്കുന്നതിനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്ന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് ഈ ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2017കോടി രൂപ കുടിശ്ശികയും മരുന്ന് സംഭരണ ഏജൻസിയായ KMSCL ന് മരുന്ന് സംഭരിച്ച ഇനത്തിൽ 300 കോടി രൂപ കുടിശ്ശികയും ഉണ്ടായിരുന്നു. ആരോഗ്യ സുരക്ഷാ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

**പതിനാറാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*3 — 22.06.2026 ൽ മറുപടിയ്ക്ക്

## സൗജന്യ പൊതുജനാരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ<br>ശ്രീ. സി. കെ. ഹരീന്ദ്രൻ<br>ശ്രീ. യു. ആർ. പ്രദീപ്<br>ശ്രീ. പി. പി. സുമോദ് | | വി. ഡി സതീശൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഓരോ കുടുംബത്തിനും പ്രതിവർഷം 25 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. അപ്രതീക്ഷിതമായ ചികിത്സാ ചെലവുകൾ പല കുടുംബങ്ങളിലും വൻ സാമ്പത്തിക ബാധ്യതയാണ് സൃഷ്ടിക്കുന്നത്. ഇത്തരം ബാധ്യത ലഘൂകരിക്കുന്നതിനും കുടുംബങ്ങൾക്ക് കൈത്താങ്ങാകുന്നതിനുമായി എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെയുള്ള സൗജന്യ "ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി" നടപ്പിലാക്കുന്നതാണ്. ആയതിനായി 22.05.2026 ലെ സ.ഉ(കൈ) നം. 3/2026/PIEMD എന്ന ഉത്തരവിലെ വിഷൻ 2031 ൽ ഉൾപ്പെടുത്തി പ്രസ്തുത വിഷയം പരിശോധിച്ച് ആയത് നടപ്പിലാക്കുന്നതിനായി ആരോഗ്യ വകുപ്പിനെയും ധനകാര്യ വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭചെലവുകൾക്കായി 2026-27-ലെ പുതുക്കിയ ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇതിനായി പ്രതിവർഷം ഇൻഷ്വറൻസ് കമ്പനികൾക്ക് പ്രീമിയം ഇനത്തിൽ നൽകേണ്ടി വരുന്ന തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പരിശോധിച്ചു വരുന്നു. |
| (സി) | ഇൻഷ്വറൻസ് കമ്പനികളെയും സ്വകാര്യ ആശുപത്രികളെയും കൂടുതലായി ആശ്രയിക്കുന്ന ഈ പുതിയ ഇൻഷ്വറൻസ് നയം | (സി) | ഓരോ കുടുംബത്തിനും പ്രതിവർഷം 25 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പൊതുജനാരോഗ്യ സംവിധാനങ്ങളെയും മെഡിക്കൽ കോളേജ് |

| | | | |
|---|---|---|---|
| | സർക്കാർ മേഖലയിൽ വികസിച്ചു വരുന്ന പൊതുജനാരോഗ്യ സംവിധാനങ്ങളെയും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളെയും തകർക്കാൻ ഇടയാക്കുമെന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളെയും തകർക്കാൻ ഇടയാക്കുമെന്ന ആശങ്കക്ക് അടിസ്ഥാനമില്ല |
| (ഡി) | സ്വകാര്യ ഇൻഷ്വറൻസ് മേഖലയ്ക്ക് പ്രാധാന്യം നൽകുമ്പോൾ നിലവിലുള്ള സർക്കാർ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മരുന്നു ലഭ്യത ഉറപ്പാക്കാനുമുള്ള ഫണ്ട് വിഹിതം സംബന്ധിച്ച് നയപ്രഖ്യാപനത്തിൽ വ്യക്തമാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | (ഡി) | ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് സാധാരണ ജനങ്ങളുടെ ചികിത്സാ ചെലവുകൾ ലഘൂകരിക്കുന്നതിനും മെച്ചപ്പെട്ട ആരോഗ്യ പരിപാലനം ഉറപ്പാക്കുന്നതിനുമാണ്. സർക്കാർ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മരുന്നു ലഭ്യത ഉറപ്പാക്കുന്നതിനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.<br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്ന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് ഈ ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2017 കോടി രൂപ കുടിശ്ശികയും മരുന്ന് സംഭരണ ഏജൻസിയായ KMSCL ന് മരുന്ന് സംഭരിച്ച ഇനത്തിൽ 300 കോടി രൂപ കുടിശ്ശികയും ഉണ്ടായിരുന്നു. ആരോഗ്യ സുരക്ഷാ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ